(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ രംഗത്തെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് നാഷണൽ ഹെൽത്ത് മിഷനിൽനിന്ന് ലഭ്യമാക്കി ജില്ലകളുടെ ആവശ്യാനുസരണം വിതരണം ചെയ്തിട്ടുണ്ട്. പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടിക്കായുള്ള കേന്ദ്രവിഹിതത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ വിഹിതത്തിൽനിന്ന് 6.26 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

വണ്ടാനം മെഡിക്കൽ കോളേജിന്റെ ചുറ്റുമതിൽ

35(733) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിന്റെ ചുറ്റുമതിലിന്റെ പടിഞ്ഞാറു ഭാഗം പൊളിച്ചുനീക്കുന്നത് സംബന്ധിച്ച് തർക്കങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) പടിഞ്ഞാറ് ഭാഗത്തെ മതിൽ പൊളിച്ചുമാറ്റാൻ അധികാരികൾ ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് കോടതിയിൽ കേസുകൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ചുറ്റുമതിലിന്റെ പടിഞ്ഞാറുഭാഗത്തെ അത്യാഹിത വിഭാഗത്തോട് ചേർന്നുള്ള ഭാഗത്ത് മതിൽ പൊളിച്ച് വിക്കറ്റ് ഗേറ്റ് പണിയുന്നതിനുള്ള സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് ശ്രീ. പ്രീത്കുമാർ എന്നയാൾ ഹൈക്കോടതിയിൽ കേസ് നൽകിയിട്ടുണ്ട്.

(ബി) 24-11-2014-ലെ ജി.ഒ(ആർ‌ടി.) നമ്പർ 3770/2014/ആ.കു.വ. 5-1-2015-ലെ ജി.ഒ(ആർ‌ടി) നമ്പർ 22/15/ആ.കു.വ., 5-10-2015-ലെ ജി.ഒ(ആർ‌ടി.) നമ്പർ 3251/15/ആ.കു.വ. എന്നിവ പ്രകാരം ചുറ്റുമതിൽ പൊളിച്ച് വിക്കറ്റ് ഗേറ്റ് സ്ഥാപിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. അത് നടപ്പിൽ വരുത്തുന്നതിന് ആശുപത്രി സൂപ്രണ്ട് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള സർക്കാർ ഉത്തരവിൽ (വിക്കറ്റ് ഗേറ്റ് പണിയുന്നതിന്) തിരുത്തൽ എടുക്കുന്നത് രണ്ടാഴ്ചത്തേക്ക് നിർത്തിവയ്ക്കുന്നതിന് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധി ലഭ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആശുപത്രി ചുറ്റുമതിലിന്റെ പടിഞ്ഞാറുഭാഗത്ത് കച്ചവടം നടത്തുന്ന ശ്രീ. പ്രീത്കുമാറിന് മതിലുപൊളിച്ച് വിക്കറ്റ് ഗേറ്റ് പണിത് കിട്ടുന്നതിന് ടിയാൻ ഫയൽ ചെയ്ത കേസ് നിലനിൽക്കുന്നുണ്ട്. ഇതിനെതിരായി പി.ജി. സ്റ്റുഡന്റ്സ് അസോസിയേഷനും ഹൗസ് സർജൻസ് അസോസിയേഷനും WP(C) No. 2030/16 നമ്പർ കേസ് ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

ജനറിക് നാമത്തിൽ മരുന്നുകൾ കുറിക്കണമെന്ന നിബന്ധന

36(734) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലെ ഡോക്ടർമാർ ജനറിക് നാമത്തിൽ മരുന്നുകൾ കുറിക്കണമെന്ന നിബന്ധനയുണ്ടോ;

(ബി) ജനറിക് നാമത്തിൽ മരുന്നുകൾ കുറിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഡോക്ടർമാർ പ്രസ്തുത നിബന്ധന പാലിക്കാത്തത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ജനറിക് മരുന്നുകൾ തന്നെ എഴുതണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരവും (ഉത്തരവ് നമ്പർ എ.എസ്.എ. 2-6836(/2012/ആ.വ.ഡ. തീയതി 19-10-2012), സർക്കാർ ഉത്തരവ് പ്രകാരവും (ജി.ഒ(ആർടി) നമ്പർ 1895/2014/എച്ച് ആന്റ് എഫ് ഡബ്ല്യു.ഡി. തീയതി 9-6-2014), 27-11-2015-ലെ 13305/എഫ്1/15/ആവഡ നമ്പർ സർക്കുലർ പ്രകാരവും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഗവൺമെന്റ് ഉത്തരവുകൾ പാലിക്കാത്ത ഡോക്ടർമാർക്കെതിരെ വകുപ്പുതല ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ചേലക്കര മണ്ഡലത്തിലെ ആരോഗ്യ പദ്ധതികൾ

37(735) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ ചേലക്കര മണ്ഡലത്തിൽ എത്ര പദ്ധതികൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly